# A Meeting of Coconut Producers Federation (CPF) leaders included in the List of 173 CPFs to receive Neera Tapping License held on 7th Jan, 2015 at Ernakulam



**Shri.T.K. Jose IAS, Chairman, CDB addressing the CPF Leaders from Kerala State.**





A meeting of 173 CPFs (registered with CDB as on 02/03/2014) who have applied for Neera Tapping License with State Excise Department was held on 7th January 2015 at St. George parish hall, Church land road, Pallimukku.

The meeting was conducted in two sessions. The morning session included CPFs from the districts of Thiruvanathapuram, Kollam, Pathanamthitta, Alappuzha, Palakkad, Kottayam, Ernakulam, Thrissur, Kasaragod and Idukki. In the afternoon session CPFs from Malappuram, Kozhikode, Wayanad and Kannur were participated.

134 farmers from 64 federations were participated in the forenoon session and in the afternoon session 144 farmers from 73 federations were participated.

During the meeting, Neera SCMS Technology, CIT Technology, Neera Technician Training, Selection of palms For Neera tapping, Sourcing of quality seed nuts for nursery and Prospects for value addition in coconut sector were discussed and convinced.





# നീരയുടെ വിപണന സാദ്ധ്യത ഉയരുന്നു: ടി. കെ. ജോസ് ഐ.എ.എസ്

എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു മുൻകൈ എടുത്തതിനാൽ 173 ഫെഡറേഷനുകൾക്ക് ലൈസൻസ് ഉടൻ ലഭിക്കുമെന്നും ഇതു പ്രകാരം ആവശ്യാനുസരണം നീര വിപണിയിലെത്തിക്കാമെന്നും പ്രതീക്ഷിക്കുന്നതായും നാളികേര വികസന ബോർഡ് ചെയർമാൻ ശ്രീ. ടി. കെ. ജോസ് ഐ.എ.എസ് പറഞ്ഞു. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തതും കേരള ഗവൺമെന്റ് നീര ലൈസൻസ് അനുവദിക്കുന്നതിനായി തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 173 നാളികേര ഉത്പാദക ഫെഡറേഷന്റെയും, വിവിധ ജില്ലകളിൽ നിന്നുള്ള നാളികേര ഉത്പാദക കമ്പനികളുടെയും നേതൃ സമ്മേ ളനത്തെ അഭിസംബോധന ചെയ്തുകൊണ്ടു സംസാരിക്കുകയായിരുന്നു അദ്ദേഹം. '173 ഫെഡറേഷ നുകൾ' എന്നതിനു പകരം '173 സൊസൈറ്റികൾ' എന്ന് തെറ്റായി രേഖപ്പെടുത്തി 2014 മെയ് 13 -ാം തീയതി ഇറക്കിയ സർക്കാർ ഉത്തരവ് തിരുത്താനാണ് ഇത്രയും കാലതാമസമുണ്ടായത്. 173 ഫെഡറേ ഷനുകൾക്ക് ലൈസൻസ് ലഭിച്ചാൽ 26000 മുതൽ 30000 വരെ നീര ടെക്നീഷ്യന്മാർക്കാണ് തൊഴിൽ ലഭിക്കുക.

ജൂലൈ മാസം മുതൽ ബംബർ വിളവെടുപ്പിന് സാധ്യത കാണുന്നതിനാൽ നാളികേര വില ഇടി വിന് സാധ്യതയുണ്ടെന്ന് ശ്രീ. ടി. കെ. ജോസ് അറിയിച്ചു. വിലയിടിവ് ഉണ്ടാകുന്ന സമയത്ത് മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനവും വിതരണവും ഉറപ്പാക്കുന്നതു വഴി കർഷകരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിയുമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ അറിയിച്ചു. കേരോ ത്പാദക കമ്പനി തലത്തിൽ ദിവസ വരുമാനം ഉണ്ടാകണമെങ്കിൽ ബിസിനസ്സിൽ ക്യാഷ് ഫ്ളോ ഉണ്ടാ കണം. കമ്പനികളിലൂടെ സാധ്യമായ എല്ലാ നാളികേര ഉൽപന്നങ്ങളുടെയും ഉത്പാദനവും സംസ്ക്കര ണവും അതിലൂടെ മൂല്യവർദ്ധനവുമാണ് ഉദ്ദേശിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞു.

പത്തനംതിട്ട, വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ ആറു ഫെഡറേഷനുകൾ ചേർന്ന് മിനി കേരോ ത്പാദക കമ്പനി രൂപീകരിക്കാൻ സാധിക്കുന്നതാണ്. കമ്പനി പ്രവർത്തനക്ഷമമാകുന്നതു വരെ അയൽ ജില്ലകളിലെ കമ്പനികളുമായി സഹകരിച്ച് നീരയും ഉപോത്പന്നങ്ങളും വിതരണം ചെയ്യാനുള്ള നടപടി കൾ എടുക്കാവുന്നതാണ്. നിലവിൽ 10 ഫെഡറേഷനുകൾ ചേർന്നാണ് കേരോത്പാദക കമ്പനികൾ രൂപീകരിക്കുന്നത്.

നീര സംസ്ക്കരണത്തിനുള്ള ആധുനിക സാങ്കേതിക വിദ്യ, സംസ്ക്കരണത്തിനും പാക്കിംഗിനു മുള്ള ആധുനിക ഉപകരണ സംവിധാനങ്ങൾ, നീര ഉത്പാദനത്തിനുള്ള തെങ്ങുകൾ തിരഞ്ഞെടുക്കുന്ന തിന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, നീര ടെക്നീഷ്യൻ പരിശീലനം എന്നിവ സംബന്ധിച്ച് ഈ രംഗത്തെ വിദഗ്ദ്ധർ തദവസരത്തിൽ സംസാരിച്ചു. എസ്.സി.എം.എസ് കളമശ്ശേരി ഡയറക്ടർ ഡോ. സി. മോഹൻകു മാർ, നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ആർ. ജ്ഞാനദേവൻ, ബോർഡിന്റെ മാർക്കറ്റിംഗ് ഓഫീസർ ശ്രീ. കെ. എസ്. സെബാസ്റ്റ്യൻ, സി.ഡി.ബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി യിലെ വിദഗ്ദ്ധർ തുടങ്ങിയവർ വിഷയാവതരണം നടത്തി.